For circulation among believers only

# റിന്യൂവൽ

ആത്മീക പുതുക്കത്തിന്

Annual Subscription Rs. 50

Vol - 1 | Issue - 1 | July 2009

# ദാമൻ ആൻ്റ് ഡ്യൂ

ഭാരതത്തിലെ അറിയപ്പെടുന്ന പഴയ പോർച്ചുഗീസ് കോളനികളിൽ ഒന്നാണ് ദാമൻ ആൻ്റ് ഡ്യു. കേന്ദ്ര ഭരണ പ്രദേശമായ ദാമന്റെ ചരിത്രം തുടങ്ങുന്നത് തുറമുഖ പട്ടണം എന്ന നിലയിലാണ്. കടൽ സഞ്ചാരികളായ ഡച്ചുകാർ വ്യാപാരത്തിനായി ഭാരതത്തിൽ വന്നപ്പോൾ നിർമ്മിക്കപ്പെട്ടതാണ് ദാമൻ പട്ടണം. ഗുജറാത്തിനും മഹാരാഷ്ട്രയ്ക്കും ഇടയിൽ അറബിക്കടലിനഭിമുഖമായി കിടക്കുന്ന ദാമൻ എന്ന പ്രദേശം ഡച്ചുകാരെ സംബന്ധിച്ചിടത്തോളം വളരെ സുരക്ഷിതമായ മേഖലയായിരുന്നു. തെക്കു ഭാഗം ഗുജറാത്തിന്റെ ഭൂപ്രദേശം ഏതാണ്ട് ആയിരം കിലോമീറ്ററോളം പടിഞ്ഞാറോട്ട് കടലിലേക്ക് തള്ളി നിൽക്കുന്നതുകൊണ്ട് ഒരു കൈക്കുമ്പിളിൽ എന്നപോലെയാണ് ദാമൻ കിടക്കുന്നത്. അത്രയും പെട്ടന്ന് ശത്രുക്കൾക്ക് കടന്നു വരാൻ പറ്റാത്ത ഒരിടം. മാത്രമല്ല കടലിന്റെ സംഹാരത്തിന് ഒരിക്കലും ശക്തി പ്രാപിക്കുവാൻ കഴിയുകയില്ല. നീണ്ടു കിടക്കുന്ന ഗുജറാത്തിന്റെ തീരങ്ങളിൽ തട്ടിയുരുമ്മി ദാമനിലെത്തുമ്പോൾ തിരകളുടെ ശക്തി ക്ഷയിച്ചിരിക്കും. ശാന്ത സുന്ദരമായ കടൽ തീരം എന്ന് ദാമന് മറ്റൊരു വിളിപേരുണ്ട്. എവിടെയാണ് ഡ്യു? ദാമൻ ആൻ്റ് ഡ്യു എന്നു പറയുമ്പോൾ ഒന്നിച്ചു കിടക്കുന്ന പ്രദേശമാണെന്ന് തോന്നും. എങ്കിൽ തെറ്റി. ദാമനിൽ നിന്ന് 700 കിലോമീറ്റർ പടിഞ്ഞാറ് കടലിലാണ് ഡ്യുവിന്റെ കിടപ്പ്. ഒരു കൊച്ചു ദ്വീപ്. വേറിട്ടാണ് രണ്ടു സ്ഥലവും നിലകൊള്ളുന്നതെങ്കിലും അഭേദ്യമായ ബന്ധമാണ് ഇവ തമ്മിലുള്ളത്. ഡച്ചുകാരുടെ തുറമുഖ നിർമാണത്തിന്റെ വൈദഗ്ദ്യത്തിന്റെ ഒരു തെളിവാണ് ഈ രണ്ട് സ്ഥലങ്ങൾ. ദാമൻ എന്ന തുറമുഖ പട്ടണത്തിന്റെ കാവൽ മാടമായിരുന്നു ഡ്യു. എഴുന്നൂറ് കിലോമീറ്റർ അകലെ സുശക്തമായ ഡച്ചു സൈന്യം നിലയുറപ്പിച്ചിരുന്ന സ്ഥലമായിരുന്നു ഡ്യു.


ദാമനിലെ പോർച്ചുഗീസ് കോട്ട

കയറിച്ചെല്ലുന്ന സ്ഥലം തങ്ങളുടെ നാടുപോലെയാക്കുന്ന ഡച്ചുകാരുടെ ശീലം ഇവിടെയും ആവർത്തിച്ചു. ദാമന്റെയും ഡ്യുവിന്റെയും പല സ്ഥലങ്ങൾക്കും ഒരു ഡച്ച് ടച്ച് കാണാം. കെട്ടിടങ്ങൾ, വഴികൾ, പള്ളികൾ, കോട്ടകൾ. ഈസ്റ്റ് ഇന്ത്യ കമ്പനിയുടെ വരവോടെ ഡച്ചുകാർ ഇന്ത്യ വിട്ടു മടങ്ങി. പിന്നീട് ദാമനും ഡ്യുവിനും ഡച്ചുകാർ കൊടുത്ത പ്രാധാന്യം ബ്രിട്ടീഷുകാർ നൽകിയില്ല. കറാച്ചിയെയും മുംബൈയേയും വൻ തുറമുഖങ്ങളായി വളർത്തിയെടുത്തപ്പോൾ ദാമൻ പുരാതന തുറമുഖം എന്ന നിലയിലേക്ക് പിൻതള്ളപ്പെട്ടു. സ്വാതന്ത്ര്യലബ്ദിക്കു ശേഷം ഈ പഴയ പട്ടണത്തെ കേന്ദ്രഭരണ പ്രദേശമെന്ന പദവിലേക്ക് ഉയർത്തി. ഈ പ്രദേശത്തെ ഭാഷയുടെ അടിസ്ഥാനത്തിൽ ഗുജറാത്തിന്റേയോ, മഹാരാഷ്ട്രയുടെയോ ഭാഗമാക്കുവാൻ സാധിക്കുകയില്ല. കാരണം രണ്ടു ഭാഷകളും ഒരു പോലെ ഇവിടുത്തുകാർ ഉപയോഗിക്കും. ഹിന്ദിയും കൈകാര്യം ചെയ്യാൻ ഇവിടുത്തുകാർക്ക് പ്രയാസമില്ല.


ഡ്യു തീരം

മത്സ്യബന്ധനമാണ് പരമ്പരാഗതമായ തൊഴിൽ. എന്നാൽ ഇന്ന് പലവിധ വ്യവസായ സ്ഥാപനങ്ങളും ദാമനിലുണ്ട്. വ്യവസായ മേഖലയായി ദാമൻ വളരുന്നെങ്കിൽ ഡ്യു ഒരു വിനോദ സഞ്ചാര മേഖലയായാണ് വളരുന്നത്. ദാമന്റെ തീരങ്ങൾ വിനോദ സഞ്ചാരികളുടെ സ്വപ്ന ഭൂമിയാണ്. വിനോദ സഞ്ചാര മേഖലയുടെ വളർച്ചയ്ക്കു വേണ്ടുന്ന എല്ലാ സൗകര്യങ്ങളും കേന്ദ്രം ഇവിടെ ഒരുക്കിയിരിക്കുന്നു. അതിന്റേതായ എല്ലാ ഗുണങ്ങളും ദോഷങ്ങളും ദാമനിലുണ്ട്. മദ്യം ടൂറിസം മേഖലയിൽ ഒഴിച്ചുകൂടാനാവാത്തതായതുകൊണ്ട് വളരെ സുലഭവുമാണ് വിലയും കുറവാണ്. തൊട്ടടുത്ത സംസ്ഥാനമായ ഗുജറാത്തിൽ സമ്പൂർണ്ണ മദ്യ നിരോധന മേഖലയാണ്. അതുകൊണ്ടു തന്നെ അവിടുത്തുകാരുടെ മദ്യശാലയാണ് ദാമൻ. തദ്ദേശിയരും മദ്യം ഉപയോഗിക്കുന്നതിൽ ഒട്ടും പുറകിലല്ല.

ഹൈന്ദവരും ക്രിസ്ത്യാനികളുമാണ് പ്രധാന ജനവിഭാഗം, മത്സ്യ തൊഴിലാളികൾ ഭൂരിഭാഗവും ഹൈന്ദവരാണ്. വ്യാപാര മേഖലകളിലും മറ്റ് തൊഴിൽ ചെയ്യുന്നവരും ക്രിസ്ത്യൻ സമൂഹത്തിലുള്ളവരാണ്.

ഇവിടുത്തെ സുവിശേഷ പ്രവർത്തനത്തിനായി ഗുജറാത്തിലെ ഉമ്മർഗാവിൽ വേല ചെയ്തു കൊണ്ടിരുന്ന സഹോദരൻ എ. സി. ഷാജി 2004 ൽ കടന്നു വന്നു. ഒരു വർഷത്തിനു ശേഷം അവിടെ കൂടിവരവ് ആരംഭിച്ചു ഏട്ടു കുടുംബങ്ങൾ സഭയിൽ അംഗങ്ങളാണ്. സഹോ. ഷാജിയും, മറ്റൊരു കുടുംബവും മാത്രമേ മലയാളികളായിട്ടുള്ളു ബാക്കിയുള്ളവരെല്ലാം അവിടെയുള്ളവരും ജോലി സംബന്ധമായി മറ്റ് സ്ഥലങ്ങളിൽ നിന്ന് വന്നവരുമാണ്.

സഹോദരൻ ഷാജി ആലപ്പുഴ ജില്ലയിലെ എഴുപുന്ന സഭാംഗമാണ്. 11 വർഷങ്ങൾക്കു മുൻപാണ് താൻ കുടുംബമായി ഗുജറാത്തിൽ വേലയ്ക്കായി പോകുന്നത്.


സുവി. ഷാജിയും കുടുംബവും

ഗുജറാത്തിലുള്ള അതെ സ്ഥിതി വിശേഷമാണ് സുവിശേഷ വേലയോടുള്ള ബന്ധത്തിൽ ദാമനിലുള്ളത്. കാരണം ഗുജറാത്തിലുള്ള സുവിശേഷ വിരോധ സംഘടനകളുടെ വേരോട്ടം ഇവിടെയും ഉണ്ട്. ഒരു പരസ്യ യോഗവും ഇവിടെ നടക്കില്ല. ഭവന സന്ദർശനവും, ലഘുലേഖ വിതരണവും വളരെ സൂക്ഷിച്ചാണ് നടത്തുന്നത്. എന്നാൽ ആളാം പ്രതിയുള്ള സുവിശേഷ പ്രവർത്തനങ്ങൾക്ക് നല്ല പ്രതികരണങ്ങളും ലഭിക്കുന്നുണ്ട്.

ദാമന്റെ എല്ലാ സമാനതകളും ഡ്യുവിനുമുണ്ട്. ഒരർത്ഥത്തിൽ സുവിശേഷ പ്രവർത്തനം വളരെ കുറഞ്ഞ ഒരു സ്ഥലമായി ഡ്യുവിനെ കാണാം. ദാമന്റയും ഡ്യുവിന്റ

ശേഷം 3-ാം പേജിൽ

## സേറ വിടപറഞ്ഞു

തിരുവല്ലാ കിഴക്കൻ മുത്തൂർ കുന്നുതറയിൽ സേറ വേദനയുടെയും കഷ്ടതയുടെയും ലോകത്തോടു വിട പറഞ്ഞു കർത്തൃസന്നിധിയിൽ പ്രവേശിച്ചു. "ചിരിയിലൊളിപ്പിച്ച വേദനയുമായി സേറ" എന്ന തലക്കെട്ടിൽ സേറയെക്കുറിച്ചുള്ള ഫീച്ചർ മുൻപ് റിന്യൂവൽ പ്രസിദ്ധീകരിച്ചിരുന്നു. രോഗക്കിടക്കയിലും മറ്റുള്ളവർക്കുവേണ്ടി പ്രാർത്ഥിക്കുകയും ഫോണിൽ വിവരങ്ങൾ തുടർച്ചയായി അന്വേഷിക്കുകയും ചെയ്തിരുന്ന സേറ ദൈവജനത്തിനൊരു മാതൃകയായിരുന്നു. 1996ൽ ആരംഭിച്ച രോഗത്തെ തുടർന്ന് ബി. ഡി.എസ്സിന്റെ അവസാന വർഷമായപ്പോഴേക്കും രോഗത്തിന്റെ പിടിയിലമർന്നിരുന്നു. ആർത്രൈറ്റിസ് ആണെന്നു തെറ്റദ്ധരിച്ച് ചികിത്സകൾ ചെയ്തിരുന്നെങ്കിലും വെല്ലൂർ സി.എം.സിയിൽ വച്ചാണ് മെനഞ്ചൈറ്റിസ് ആണെന്ന് കണ്ടുപിടിച്ചത്. ശരീരത്തിന്റെ ഇടതു ഭാഗം പൂർണ്ണമായി തളർന്ന സേറയ്ക്ക് ചെറുപ്പം മുതലുള്ള ത്വക്ക് അലർജിയും കഠിനമായി. സേറയുടെ പിതാവ് ജയ്ബോയ് കോളജിൽ പ്രഫസറായിരുന്നു. അദ്ദേഹം 15 വർഷങ്ങൾക്കു മുൻപ് മരിച്ചു. മാർത്തോമ്മാ സഭാംഗങ്ങളാണ് സേറയുടെ കുടുംബത്തിലുള്ളവർ. മാതാവ് മേരി മാത്യുവും (ശാന്തി) സഹോദരൻ സഞ്ജയും കുടുംബവും സേറയ്ക്കു ആവശ്യമായ ശുശ്രൂഷകൾ ചെയ്തു. ഹോം നേഴ്സിനെയും ഫിസിയോ തെറാപ്പിസ്റ്റിനേയും ഏർപ്പാടു ചെയ്തിരുന്നു. പ്രീ ഡിഗ്രിക്കു പഠിക്കുമ്പോൾ രക്ഷിക്കപ്പെട്ട സേറ മണിപ്പാലിൽ ബ്രദ്റൻ അസംബ്ലിയിൽ പോകുമായിരുന്നു. ചുമത്ര ബ്രദ്റൻ സഭയിലെ സഹോദരിമാർ സേറയെ ചെന്നു കാണുകയും പലപ്പോഴും വീട്ടിൽ ബൈബിൾ സ്റ്റഡി നടത്തുകയും ചെയ്തിട്ടുണ്ട്. കിടപ്പിലായതിനു ശേഷം എടുത്തുകൊണ്ടാണ് ചുമത്ര സഭയിൽ ചിലപ്പോഴൊക്കെ കൊണ്ടുവന്നിരുന്നത്. സ്നാനപ്പെടാൻ താല്പര്യമുണ്ടായിരുന്നെങ്കിലും തന്റെ ശരീര സ്ഥിതി അനുവദിക്കുമായിരുന്നില്ല. ജൂൺ 28ന് സേറയുടെ ഭൗതിക ശരീരം സംസ്കരിച്ചു.



# പക്കാഞ്ചോർ ആശുപത്രിക്കുവേണ്ടി പ്രാർത്ഥിക്കുക

ചത്തിസ്ഗഡിലെ പക്കാഞ്ചോർ ആശുപത്രി പൂർണ്ണതോതിൽ പുനരാരംഭിക്കാൻ ലോകമെമ്പാടുമുള്ള ദൈവജനത്തിന്റെ പ്രാർത്ഥന ആവശ്യമായിരിക്കുന്നു. 100 കിലോ മീറ്റർ ചുറ്റളവിൽ ആശുപത്രി സൗകര്യമില്ലാത്ത സാഹചര്യത്തിൽ സുവിശേഷീകരണത്തിന് അതിവിപുല സാദ്ധ്യതകളാണുള്ളത്. 1996ൽ ആശാകിരൺ ചികിത്സാലയ എന്ന പേരിൽ ഒരു ദിവസത്തെ ക്ലിനിക് ആരംഭിച്ചതാണ് ആശുപത്രിയുടെ തുടക്കം. പിന്നീട് വാടകയ്ക്കെടുത്ത കെട്ടിടത്തിൽ ആശുപത്രി പൂർണ്ണ തോതിൽ പ്രവർത്തനമാരംഭിച്ചു. ദിനം തോറും 100 രോഗികൾ വരുമായിരുന്നു. 2000ൽ ഡോക്ടേഴ്സിന്റെ അഭാവത്തിൽ പ്രവർത്തനം നിർത്തിവച്ചെങ്കിലും 3 ഏക്കറോളം സ്ഥലത്ത് മനോഹരമായ കെട്ടിടവും ഡോക്ടർമാർക്കു താമസിക്കുവാൻ ക്വാർട്ടേഴ്സും പണിയുവാൻ ദൈവം മുഖാന്തിരമൊരുക്കി. ഡന്റൽ യൂണിറ്റ് മാത്രമാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. 50 ഓളം വിശ്വാസികളും സ്വന്തമായി നല്ലൊരു സഭാഹാളും ഉള്ള പക്കാഞ്ചോർ സഭയും എല്ലാറ്റിനും പിന്തുണയുമായി രംഗത്തുണ്ട്. പ്രവർത്തനമില്ലാതെ കെട്ടിടം വെറുതേ കിടന്നാൽ വലിയ നഷ്ടമാണ് ഉണ്ടാകുന്നത്. വിശ്വാസികളായ ഡോക്ടർമാർ, നേഴ്സുമാർ തുടങ്ങിയവർക്ക് ഈ മിഷൻ ആശുപത്രി വലിയൊരു വെല്ലുവിളിയാണ്. കുറഞ്ഞപക്ഷം 1 വർഷം അല്ലെങ്കിൽ 6 മാസം റൊട്ടേഷൻ അടിസ്ഥാനത്തിലെങ്കിലും പ്രവർത്തിക്കാൻ കഴിഞ്ഞാൽ വലിയൊരു സഹായമായിരിക്കും ഏതെങ്കിലും ഡോക്ടർ ദമ്പതികൾ ഈ വെല്ലുവിളി സ്വീകരിച്ച് സ്ഥിരമായി വരുന്നതും നമുക്ക് പ്രാർത്ഥനാ വിഷയമാക്കാം. പക്കാഞ്ചോർ ആശുപത്രി പുനരാരംഭിക്കുന്നതിന് ഏതെങ്കിലും നിലയിൽ പിന്തുണ നൽകാനാഗ്രഹിക്കുന്നവർ എത്രയും വേഗം ബന്ധപ്പെടുക കേരളത്തിൽ Tel.No.09447360417 പക്കാഞ്ചോറിൽ 09425551248. സങ്കേശ്വർ, മന്ദമാരുതി ആശുപത്രികളുടെ പുനരുദ്ധാരണത്തിന് നാം പ്രാർത്ഥിച്ചപ്പോൾ മറുപടി നൽകിയ ദൈവം പക്കാഞ്ചോറിന്റെ കാര്യത്തിലും തീർച്ചയായും മറുപടി നൽകും. നമുക്കു ശ്രദ്ധയോടെ പ്രാർത്ഥിക്കാം.


ആശുപത്രി കെട്ടിടം

# മാതാപിതാക്കളെ സംരക്ഷിക്കൽ

നിയമവും നമ്മളും



**ചി**ല നാളുകൾക്കു മുൻപ് പത്രങ്ങളിൽ ഒരു വാർത്ത വന്നു. "വിദേശത്തും, സ്വദേശത്തുമായി അഞ്ചു മക്കളുള്ള ഒരമ്മ സമയത്തിനു ചികിത്സ കിട്ടാതെ വീട്ടിൽ അത്യാസന്ന നിലയിൽ മരണാസന്നയായി കഴിയുന്നു. വിദേശി – സ്വദേശി മക്കൾക്കു അമ്മയെ നോക്കുവാനോ, അന്വേഷിക്കുവാനോ സമയമില്ലായിരുന്നു പോലും! അവസാനം പോലീസ് ഇടപെട്ട് ആ സാധു സ്ത്രീയെ ആശുപത്രിയിലാക്കുകയായിരുന്നു.! ആറ്റിങ്ങലിനടുത്തുള്ള ഒരു ഗ്രാമത്തിലാണു പ്രസ്തുത സംഭവം അരങ്ങേറിയത്. എന്തുകൊണ്ടാണ് പത്രങ്ങൾ ഇതിനെതിരെ ശബ്ദമുയർത്തിയത്? ഉത്തരം ലളിതം. പ്രായമായ മാതാപിതാക്കളെ മക്കൾ പരിപാലിക്കണമെന്നു നമ്മുടെ സമൂഹം പ്രതീക്ഷിക്കുന്നതുകൊണ്ടു തന്നെയാണ്.

നമ്മുടെ രാജ്യത്തെ നിയമങ്ങൾ ഈക്കാര്യത്തിൽ എന്തു പറയുന്നു എന്നുള്ളതും പ്രസക്തമാണ്. ഭരണഘടനയുടെ നിർദ്ദേശക തത്വങ്ങൾ (Directive Principles) തന്നെ മുതിർന്ന പൗരർക്കും, രക്ഷകർത്താക്കൾക്കും ലഭിക്കേണ്ട സംരക്ഷണത്തെക്കുറിച്ചുള്ള നിയമ നിർമ്മാണത്തിന്റെ ആവശ്യകത അംഗീകരിക്കുന്നുണ്ട്. 1973–ലെ ക്രിമിനൽ നടപടി നിയമം (Criminal Procedure Code, 1973) രക്ഷകർത്താക്കൾക്ക് അവരുടെ മക്കളിൽ നിന്നും ജീവനാംശം ലഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ വിവരിക്കുന്നുണ്ട്. പ്രസ്തുത നടപടികൾ ചിലവേറിയതും ഏറെ സയമമെടുക്കുന്നതുമാണെന്നു മാത്രം. ചുരുങ്ങിയ ചിലവിൽ, വേഗത്തിലുള്ള തീർപ്പു ലഭിക്കുന്നതിനുതകുന്ന വ്യവസ്ഥകളോടെ നിലവിൽ വന്ന കേന്ദ്ര നിയമമാണ്. "രക്ഷകർത്താക്കളുടേയും മുതിർന്ന പൗരൻമാരുടേയും സംരക്ഷണത്തിനും ക്ഷേമത്തിനുമായുള്ള ആക്റ്റ്, 2007.

**ആരാണു മുതിർന്ന പൗരൻ/ രക്ഷകർത്താവ്?**

അറുപതു വയസ്സോ അതിനു മുകളിലോ പ്രായമുള്ള ഒരു ഇന്ത്യൻ പൗരനാണ് മുതിർന്ന പൗരനായി കണക്കാക്കപ്പെടുന്നത്. രക്ഷർത്താവെന്നതിൽ അച്ഛൻ, അമ്മ, രണ്ടാനച്ഛൻ, രണ്ടാനമ്മ, ദത്തു മുഖേന അച്ഛൻ, അമ്മ, രണ്ടാനച്ഛൻ, രണ്ടാനമ്മ എന്നിവർ പ്രായഭേദമെന്യേ ഉൾപ്പെടുന്നു.

തന്റെ സ്വന്തം സമ്പാദ്യത്തിൽ നിന്നോ, വസ്തുവകകളിൽ നിന്നോ ഉള്ള വരുമാനത്തിൽ നിന്നും സ്വന്തം നിലനിൽപ്പിനു ശേഷിയില്ലാത്ത രക്ഷകർത്താവുൾപ്പെടെയുള്ള മുതിർന്ന പൗരർക്കാണ് ഈ ആക്റ്റിന്റെ സംരക്ഷണം ലഭിക്കേണ്ടത്.

**മക്കളുടെ ബാദ്ധ്യത**

അച്ഛനോ, അമ്മയ്ക്കോ, രണ്ടുപേർക്കും കൂടിയോ സാധാരണ ജീവിതം (Normal life) നയിക്കുന്നതിനാവശ്യമായ സൗകര്യങ്ങൾ ചെയ്തു കൊടുക്കുക എന്നതാണു മക്കളുടെ ബാദ്ധ്യത. ഇതിൽ അവരുടെ ആഹാരം, വസ്ത്രം, പാർപ്പിടം, ചികിത്സാ ചെലവുകൾ, വിനോദം തുടങ്ങിയവയുൾപ്പെടുമെന്നതു വ്യക്തമാണല്ലോ.

**ബന്ധുക്കളുടെ ബാദ്ധ്യത**

ഒരു മുതിർന്ന പൗരനെ സംരക്ഷിക്കാനുള്ള മക്കളുടേയോ, ബന്ധുക്കളുടേയോ ബാധ്യത, പ്രസ്തുത മുതിർന്ന പൗരന് സാധാരണ ജീവിതം നയിക്കുന്നതിലേക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കുന്നതുവരെ വ്യാപിക്കുന്നു.

ഒരു മുതിർന്ന പൗരന്റെ സ്വത്തിന്റെ കൈവശക്കാരനോ, അനന്തരാവകാശിയായോ ആയ ബന്ധു, മതിയായ വരുമാനമുള്ളയാളാണെങ്കിൽ മുതിർന്ന പൗരനു സംരക്ഷണം നൽകേണ്ടതാണ്.

അതേ സമയം തന്നെ, ഒരു മുതിർന്ന പൗരന്റെ സ്വത്തിന് ഒന്നിലധികം ബന്ധുക്കൾ അവകാശികളായിട്ടുണ്ടെങ്കിൽ അവർക്ക് അവകാശം ലഭിക്കുന്ന സ്വത്തിന് അനുപാതികമായി ആ മുതിർന്ന പൗരന് അവർ സംരക്ഷണം നല്കേണ്ടതാണ്.

മേൽപ്പറഞ്ഞ കാര്യങ്ങൾ നിഷേധിക്കപ്പെടുന്ന രക്ഷകർത്താക്കൾക്കും, മുതിർന്ന പൗരന്മാർക്കും ഈ ആക്റ്റിന്റെ ഛേദം (Section) 4 പ്രകാരം ഒരു പരാതി സമർപ്പിക്കാവുന്നതാണ്.

പരാതിയുണ്ടെങ്കിൽ, അതതു ജില്ലകളിൽ, ഒരു സിവിൽ കോടതിയുടെ അധികാരത്തോടെ സ്ഥാപിതമായ മെയിന്റനെൻസ് ട്രൈബ്യൂണലിൽ രക്ഷകർത്താവിനു നേരിട്ടോ, പ്രതിനിധികൾ മുഖാന്തിരമോ പരാതി ബോധിപ്പിക്കാവുന്നതാണ്. ട്രൈബൂണലിനു സ്വമേധയാ കേസ്സെടുക്കാവുന്നതുമാണ്. അപ്പീൽ ആവശ്യങ്ങളിലേക്കായി അപ്പല്ലേറ്റ് ട്രൈബ്യൂണലുകളുമുണ്ട്. യാതൊരു സാഹചര്യത്തിലും, ഒരു അഭിഭാഷകൻ (Advocate) മുഖേന ട്രൈബ്യൂണലിനെ സമീപിക്കുവാൻ ഇരു കക്ഷികൾക്കും സാദ്ധ്യമല്ല.

**മാതാപിതാക്കളും മക്കളും.**

ബാല്യകാലത്ത് മക്കളോടു പിതാവെന്ന /മാതാവെന്ന നിലയിലുള്ള ബാദ്ധ്യതകൾ നിറവേറ്റുന്നതിൽ പരാജയപ്പെട്ട രക്ഷിതാക്കൾക്കു പോലും മക്കളിൽ നിന്നു ഉപജീവന ബത്ത ലഭിക്കുന്നതിനവകാശമുണ്ടെന്ന് അനേകം കേസ്സുകളിൽ കോടതികൾ വ്യക്തമാക്കിയിട്ടുള്ളതാണ്. ഏതൊരു സാഹചര്യത്തിലും, സ്വന്തം മാതാവിനെയോ പിതാവിനേയോ നിരാലംബരായി ഉപേക്ഷിക്കുവാൻ മക്കളെ നിയമം അനുവദിക്കുന്നില്ല. അതു നിയമപരമായ ഒരു ബാധ്യതയാണ്.

വസ്തു കൈമാറ്റം അസാധു (Transfer of Property to be void) ഛേദം (Section) 23 CD ഈ ആക്റ്റ് നിലവിൽ വന്ന ശേഷം ഏതെങ്കിലും മുതിർന്ന പൗരൻ (Senior Citizen) 'തന്റെ അടിസ്ഥാന ശാരീരികാവശ്യങ്ങളും, മറ്റടിസ്ഥാന സൗകര്യങ്ങളും നൽകുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി തന്റെ സ്വത്ത് ഇഷ്ടദാനം മുഖേനയോ, മറ്റു വിധത്തിലോ ഒരു വ്യക്തിക്കു നൽകിയിരിക്കും. ആ വ്യക്തി മേൽപ്പറഞ്ഞ ബാദ്ധ്യത നിറവേറ്റാൻ വിസമ്മതിക്കുകയോ, വീഴ്ച വരുത്തുകയോ ചെയ്താൽ മേൽപ്പറഞ്ഞ വസ്തു കൈമാറ്റം ചതി (fraud) അല്ലെങ്കിൽ ബലപ്രയോഗം (coercion) അല്ലെങ്കിൽ അനുചിത സ്വാധീനം (Under influence) ഉപയോഗിച്ചു നേടിയതാണെന്ന് അനുമാനിക്കുകയും 'വസ്തു എഴുതിക്കൊടുത്തയാളുടെ ഇഷ്ടത്തിനു വിധേയമായി' ട്രൈബ്യൂണൽ ആ കൈ

*ശേഷം 3–ാം പേജിൽ*

# 'വടക്കേ ഇൻഡ്യ' കേരളത്തിൽ

ഭാരതത്തിന്റെ വടക്കൻ സംസ്ഥാനങ്ങൾ കഠിനമായ മിഷൻ ഫീൽഡുകളാണ് വളരെ കുറച്ച് സുവിശേഷീകരണം നടക്കുന്ന സംസ്ഥാനങ്ങളെ ഈ വിശേഷണത്തിന്റെ പരിധിയിൽ നാം ഉൾപ്പെടുത്തിയിട്ടുണ്ട്. തെക്കേ ഇൻഡ്യയിലെ വടക്കേ ഇൻഡ്യ എന്നാണ് കർണ്ണാടക അറിയപ്പെടുന്നത് എതിർപ്പുകളുടെ കാര്യത്തിലും ക്രിസ്തീയ ശതമാനത്തിന്റെ കാര്യത്തിലും (2%) ഇതു ശരിയാണ്. ഒരളവിൽ കേരളം വിട്ടാൽ സുവിശേഷീകരണത്തെ സംബന്ധിച്ചിടത്തോളം മറ്റു സംസ്ഥാനങ്ങളെല്ലാം വടക്കേ ഇൻഡ്യയാണ്. ഒറീസ്സ 2.44 ശതമാനം, ബീഹാർ (2.68) ബംഗാൾ (.6) യുപി (.13) എന്നിവിടങ്ങളിൽ ബംഗാൾ ഒഴിച്ചുള്ള സ്ഥലങ്ങളിൽ കഠിനമായ എതിർപ്പുമുണ്ട്. ഈ അടുത്ത കാലത്ത് നിർമ്മാണത്തൊഴിലാളികളായി മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിൽ വന്നിരിക്കുന്ന വലിയ ഒരു കൂട്ടം ആളുകളുണ്ട് ഒരുപക്ഷേ എറണാകുളം ജില്ലയിലായിരിക്കും കൂടുതൽ. മറ്റു ജില്ലകളിലും വ്യാപകമായി അന്യ സംസ്ഥാനക്കാരുണ്ട്. ഇത് കേരളീയ വിശ്വാസികളുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. ലഭ്യമായ അവസരം ഉപയോഗിച്ചു ഇവരെ നേടാൻ പ്രായോഗികമായി ചിലതു ഉടനെ ചെയ്യേണ്ടിയിരിക്കുന്നു. ഇതിനായി ബംഗാളി ഭാഷ പഠിക്കാൻ ഒരു സഹോദരൻ ബംഗാളിലേക്കു പോയതായി അറിയുന്നു. അതൊരു നല്ല തുടക്കമാണ് . കൂടാതെ മേൽപ്പറഞ്ഞ സംസ്ഥാനങ്ങളിലെ ചില സുവിശേഷകരെ കേരളത്തിലേക്ക് വിളിച്ചു ഇവിടെയുള്ളവരോട് അവരുടെ ഭാഷയിൽ സംസാരിക്കാൻ ഏർപ്പാടു ചെയ്യുന്നതും അതതു ഭാഷകളിൽ ട്രാക്റ്റ് പ്രിന്റ് ചെയ്യാനും നൽകാനും പരിശ്രമിക്കുന്നതു നന്നായിരിക്കും. പലയിടത്തും ചെറിയ ചെറിയ ഗ്രൂപ്പുകളായി ഇവരെ വിളിച്ചു കൂട്ടുന്നതും നല്ലതാണ്. ഇന്നും 20 ശതമാനത്തിൽ താഴെ മാത്രമേ കേരളത്തിൽ ക്രിസ്ത്യാനികൾ ഉള്ളുവെങ്കിലും നല്ല സുവിശേഷ താൽപര്യവും ആത്മ ഭാരമുള്ള അനവധി വിശ്വാസികളുണ്ട്. വടക്കേ ഇൻഡ്യയിൽ പോകാൻ കഴിയാത്തവർക്കും ഇത് സുവർണ്ണാവസരമാണ്. പൊതുവേ ഹിന്ദി സംസാരിക്കുന്നവരായതുകൊണ്ട് ഹിന്ദി കൈകാര്യം ചെയ്യുന്നവർക്ക് ഇക്കാര്യത്തിൽ സഹായിക്കാൻ കഴിയും. കർത്താവു പറഞ്ഞത് എത്രയോ ശരിയാണ് നമ്മെ സംബന്ധിച്ച് (യോഹന്നാൻ 4:35).... "നിങ്ങൾ തലപൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾ തന്നെ കൊയ്ത്തിനു വെളുത്തിരിക്കുന്നതു കാണും എന്നു ഞാൻ നിങ്ങളോടു പറയുന്നു." പാരമ്പര്യവാദങ്ങളുടേയും ആത്മീയ തീവ്രവാദത്തിന്റേയും പിടിയിലകപ്പെടാതിരിക്കാൻ വിശ്വാസികളെ സുവിശേഷ തൽപരരാക്കുക എന്നതാണ് സഭാ നേതൃത്വത്തിലുള്ളവരുടെ ചുമതല. വടക്കേ ഇൻഡ്യ നമ്മുടെ അടുത്തു വന്ന സാഹചര്യം പരമാവധി മുതലെടുക്കുവാൻ പ്രാർത്ഥനയോടെ നമുക്കു ചിന്തിക്കുകയും ഉടനെ തന്നെ പ്രായോഗികമായി ചിലതു ചെയ്യുകയുമാവാം. ഇതിനായി നമ്മുടെ 'വിഭവങ്ങൾ' നിക്ഷേപിക്കുകയും ആളുകളെ ഉത്സാഹിപ്പിക്കുകയും ചെയ്യാം.

– എഡിറ്റർ ഇൻ ചാർജ്ജ്

## ചിൽഡ്രൻസ് ക്ലബ്ബ്



*'ചില്ലിക്കൊമ്പിൽ ഇരുന്ന് പാടുന്ന ഒരു പക്ഷി. അതായിരുന്നു ജെറിയുടെ മനസ്സിലെ ഭാവന. ദിനരാത്രികൾ അദ്ധ്വാനിച്ച് ജെറി ചിത്രം വര പൂർത്തിയാക്കി. സ്കൂൾ കോമ്പറ്റീഷന് അയക്കാനുള്ളതാണ് ഈ ചിത്രം. ജെറിയുടെ കഴിവിൽ അദ്ധ്യാപർക്ക് പൂർണ്ണ സംതൃപ്തിയാണ് ഉള്ളത്. സ്കൂളിലെ മികച്ച ചിത്രകാരനാണ് ജെറി.*

# ക്ഷമിക്കാൻ പഠിക്കാം



*ജെറി ചിത്രത്തിലേക്ക് ചരിഞ്ഞും തിരിഞ്ഞും നോക്കുന്നതിനിടയ്ക്ക് ടീന മുറിയിലേക്ക് വന്നു. 'സൂക്ഷിക്കണേ' എന്ന് ജെറി വിളിച്ചു പറയുന്നതിനിടയിൽ ടീന താഴെ വച്ചിരുന്ന ചായക്കൂട്ടിൽ തട്ടി. അത് തെറിച്ച് ചിത്രത്തിലേക്ക് വീണു. ജെറി കോപം കൊണ്ട് വിറച്ചു. "നീ എന്താ ഈ കാണിച്ചത്" ടീന പേടിച്ച് നിൽക്കുകയാണ്. കൈയിൽ കിട്ടിയതെല്ലാം എടുത്ത് അവൻ ടീനയെ എറിഞ്ഞു. എന്നിട്ടും മതിയാകാതെ ടീനയെ തള്ളി മുറിക്ക് പുറത്താക്കി. പാവം ടീന. അവൾ കരഞ്ഞുകൊണ്ട് അവിടെ നിന്നു.*

*ശബ്ദം കേട്ട് ഡാഡി അങ്ങോട്ട് വന്നു. "എന്താ! എന്താ! ഇവിടെ പ്രശ്നം?" ടീന കരഞ്ഞുകൊണ്ട് നിൽക്കുന്നതല്ലാതെ ഒന്നും പറഞ്ഞില്ല. ജെറിയുടെ ശബ്ദം മുറിയിൽ നിന്ന് കേൾക്കാം. ഡാഡി മുറി തുറന്ന് അകത്തേക്ക് ചെന്നു. "എന്തിനാ ജെറി നീയവളെ ഉപദ്രവിച്ചത്?" ''ഡാഡി ഇതുകണ്ടോ" ചായം വീണ് വൃത്തികേടായ ചിത്രം ഉയർത്തി കാട്ടി ജെറി പറഞ്ഞു. "ഞാൻ മൂന്നു ദിവസം കൊണ്ട് വരച്ചു തീർത്ത ചിത്രമാണിത് അവൾ അത് നശിപ്പിച്ചു." ചിത്രം കണ്ടപ്പോൾ ഡാഡിക്കും വിഷമം തോന്നിയെങ്കിലും ഡാഡി പറഞ്ഞു. "അതിന് ഇത്രയും നീ ടീനയെ ശിക്ഷിക്കണമായിരുന്നോ. നിന്റെ അനുജത്തിയല്ലേ അവൾ" "അനുജത്തി........." വീണ്ടും കോപത്തോടെ ജെറി പറഞ്ഞു. "ഇന്ന് രാവിലെ എന്റെ കണ്ണാടി നീ തട്ടിയിട്ട് പൊട്ടിച്ചപ്പോൾ ഞാൻ ഒന്നും പറഞ്ഞില്ലല്ലോ" ഡാഡി പറഞ്ഞു. "അത് ഞാൻ അറിയാതെയല്ലേ" ജെറി തന്നെ ന്യായികരിച്ചു കൊണ്ടു പറഞ്ഞു. 'ടീനയും അറിഞ്ഞുകൊണ്ടല്ലല്ലോ'' ഡാഡി പറഞ്ഞു.*

*ടീനയെ ചേർത്തു നിർത്തി ഡാഡി ചോദിച്ചു. "മോളെന്തിനാ ഈ മുറിയിലേക്ക് വന്നത്" വിതുമ്പി കൊണ്ട് ടീന കൈയ്യിലിരുന്ന പൊതി കാണിച്ച് പറഞ്ഞു. "ഇത് ചേട്ടന് കൊടുക്കുവാൻ വന്നതാണ്" "എന്താണിതിനകത്ത്" ഡാഡി ചോദിച്ചു. "ഞാൻ ക്ലാസിൽ പാട്ടുപാടിയതിന് ടീച്ചർ തന്ന മിഠായിയാണ്" ഡാഡി ജെറിയെ നോക്കി പറഞ്ഞു. "കണ്ടോ അവൾക്കു കിട്ടിയത് നിനക്ക് തരുവാനായിട്ടാണ് വന്നത്. ടീനയുടെ സ്നേഹത്തിന് ഇത്രയും വലിയ ശിക്ഷ കൊടുക്കേണ്ടായിരുന്നു." അതുകേട്ടപ്പോൾ ജെറിക്ക് വലിയ വിഷമമായി.*

*ഡാഡി രണ്ടുപേരേയും ചേർത്ത് പിടിച്ചു പറഞ്ഞു. "നാവും ഒരു തീ തന്നെ..... അത് അടങ്ങാത്ത ദോഷം, മരണകരമായ വിഷം നിറഞ്ഞത് എന്ന് യാക്കോബിന്റെ ലേഖനം 3–ാം അദ്ധ്യായത്തിൽ പറയുന്നു. നീ ടീനയെ ശകാരിച്ചു കൊണ്ട് ആ മുറിയിലുണ്ടായിരുന്ന സാധനങ്ങൾ വച്ച് ടീനയെ എറിഞ്ഞു. എഫെസ്യ ലേഖനം 4:26ൽ പറയുന്നതുപോലെ കോപിച്ച് പാപം ചെയ്തു.." ഇതുകേട്ടപ്പോൾ ജെറിക്ക് തന്റെ തെറ്റ് മനസിലായി അവൻ ടീനയുടെ മുഖം പിടിച്ചുയർത്തി പറഞ്ഞു. "സോറി"*

***കൂട്ടുകാരെ നിങ്ങൾ എങ്ങനെയാണ്.?***

*വേദപുസ്തകം പറയുന്നു അന്യോന്യം പൊറുക്കുക എന്ന്. നമുക്ക് ആരോടെങ്കിലും ദേഷ്യം ഉണ്ടെങ്കിൽ നാം ക്ഷമിക്കണം. മാത്രമല്ല കോപം വെച്ചുകൊണ്ടിരിക്കരുത്. അങ്ങനെ ചെയ്താൽ നാം ദൈവ വചനം പ്രമാണിക്കുന്നു. നമ്മുടെ നാവിനെയും സൂക്ഷിക്കണം. 'ആത്മീക വർദ്ധനയ്ക്കായി നല്ല വാക്കല്ലാതെ ആകാത്തത് ഒന്നും നിങ്ങളുടെ വായിൽ നിന്ന് പുറപ്പെടുരുത്. ദൈവം നമ്മെ സഹായിക്കട്ടെ.*

***മന:പാഠവാക്യം***

1 യോഹന്നാൻ 4:12.

ദൈവത്തെ ആരും ഒരു നാളും കണ്ടിട്ടില്ല. നാം അന്യോന്യം സ്നേഹിക്കുന്നുവെങ്കിൽ ദൈവം നമ്മിൽ വസിക്കുന്നു, അവന്റെ സ്നേഹം നമ്മിൽ തികഞ്ഞുമിരിക്കുന്നു.

1 യോഹന്നാൽ 4:12

***എബ്രഹാം മാത്യൂസ്***
***തിരുവനന്തപുരം***

വാർത്തകൾ അയക്കേണ്ട വിലാസം: Renewal, P.B.No. 2665, Broadway, Ernakulam - 31.
അല്ലെങ്കിൽ Thomas John, Hebron, Doctors Garden, Medical College P.O., Thiruvananthapuram, 695 011.
Tel : 94473 41237 E-mail : thomasjohntvm@gmail.com, renewalvartha@gmail.com

റിന്യൂവൽ വിശ്വാസത്തിന്റെ ഒരു കാൽവെയ്പ്പാണ്. ദൈവം മനസ്സുണർത്തുന്നവർ സാമ്പത്തീക സഹകരണം താഴെ കാണുന്ന വിലാസത്തിൽ അയക്കുക.

ചെക്കുകളും ഡ്രാഫ്റ്റുകളും – Renewal, P.B.No. 2665, Broadway, Ernakulam - 31. എന്ന വിലാസത്തിലും. മണി ഓർഡറുകൾ – Shombay Poothuran, Renewal, Broadway P.O., Ernakulam - 682 031. എന്ന വിലാസത്തിൽ മാത്രവും അയക്കുക. Bank A/c. No. 21, North Malabar Gramin Bank, Main Branch, EKM. Ph : 0484-2365391

**ഒരു വർഷം ഇന്ത്യയിൽ ഈ മാസിക നിങ്ങളുടെ കൈയ്യിൽ എത്തിക്കുന്നതിന് കുറഞ്ഞത് 50 രൂപ. ചിലവ് പ്രതീക്ഷിക്കുന്നു. വിദേശത്തേക്ക് 500 രൂപ. സാമ്പത്തിക സഹകരണം എറണാകുളം അഡ്രസ്സിൽ മാത്രം അയയ്ക്കുക.**

**റിന്യൂവൽ ടീം:**

**തോമസ് ജോൺ (തിരുവനന്തപുരം), വർഗ്ഗീസ് ചാക്കോ (ബാംഗ്ലൂർ), ജോൺ കുര്യൻ (കോട്ടയം), കെ. തോമസ് മാത്യു (തിരുവല്ല), ജെയിംസ് വർഗ്ഗീസ് (തിരുവനന്തപുരം), ബാബു ജോൺ (നെയ്‌വേലി).**
**കൺസൽട്ടന്റ് എഡിറ്റേഴ്സ് – വർഗ്ഗീസ് ചാക്കോ, ബാബു ജോൺ**
**ന്യൂസ് എഡിറ്റർ – തോമസ് ജോൺ**
**ഫിനാൻസ് എക്സിക്യൂട്ടീവ് – ഷോംബെ പുത്തൂരാൻ**
**പ്രൊമോഷണൽ കോ–ഒർഡിനേറ്റർ – റെജി മാത്യു**
**സർക്കുലേഷൻ കോ–ഒർഡിനേറ്റർ – ജെൽസൺ പി.ജെ.**

*Printed, published and owned by* Tenson Joseph
*Printed at* Thomson Press, Karimpatta Rd, Pallimukku, Cochin 682016
Place of Publication : Galeed, South Chittoor, Cochin-27
*Editor* : K. Thomas Mathew

കുടുംബ വേദി

# കുട്ടികളും പഠനവും

**പുതിയ പാഠ്യവിഷയങ്ങൾ**

ചില കുട്ടികൾ ആരംഭത്തിൽ തന്നെ പഠനത്തിൽ ഉത്സാഹമില്ലായ്മയും ഉഴപ്പും കാട്ടി തുടങ്ങും. അതിനുള്ള പ്രധാന കാരണം. 'കഴിഞ്ഞ വർഷത്തേക്കാൾ കൂടുതൽ ഈ വർഷം പഠിക്കണം'. 'വളരെ പാടാണ് ഈ പാഠങ്ങൾ' 'ടീച്ചർ പഠിപ്പിക്കുന്നത് മനസ്സിലാകുന്നില്ല അതിനാൽ എനിക്ക് താല്പര്യവും ഇല്ല' എന്ന മനോഭാവമാണ്. ഈ പ്രവണത മാറ്റിയെടുക്കുവാൻ നമ്മുടെ സഹായം ആവശ്യം ആണ്.




(I) നാം വളരുന്നതനുസരിച്ച് നമ്മുടെ ഭക്ഷണത്തിന്റെ അളവ് വർദ്ധിപ്പിക്കുന്നു. ഇത് പോലെതന്നെയാണ് നാം വളരുന്നതനുസരിച്ച് നമ്മുടെ ബുദ്ധി വികാസം നടക്കുന്നതിന് കൂടുതൽ അറിവും ആവശ്യമായി വരുന്നു. അതിന് നാം കഴിഞ്ഞ ക്ലാസ്സിൽ പഠിച്ചതിനെ ക്കാൾ കൂടുതൽ പഠിക്കേണ്ടതായി വരുന്നു.

(II) കുട്ടികളോടൊത്ത് നാം ഒരു സഹപാഠിയായി തീരുക. ഇതവർക്ക് ധൈര്യവും ആത്മവിശ്വാസവും നല്കും.

(III) എപ്പോഴും കുട്ടികളെ ഭയപ്പെടുത്തുന്ന രീതിയിൽ സംസാരിക്കരുത്. കുറെനേരം ഇരുത്തി പഠിപ്പിക്കുക, ഇപ്പോഴെ ഉഴപ്പാണ്, തോറ്റ് ഞങ്ങളെ നാണം കെടുത്തരുത്, കഴിഞ്ഞ വർഷത്തെപ്പോലെയാകരുത് ഇങ്ങനെ നെഗറ്റീവായി പറയാതിരിക്കുക.

**വീട്ടിലെ പഠന സ്ഥലം**

ശാന്തവും നല്ല വെളിച്ചവും ശുദ്ധവായുവും ലഭിക്കുന്ന ഒരു സ്ഥലം കുട്ടിക്കായി നാം കണ്ടെത്തി നല്കുക. ടെലിഫോൺ, ടീ.വി. മുതലായവയുടെ ശബ്ദം കുട്ടികളുടെ പഠനത്തെ ബാധിക്കരുത്. പഠിക്കാനിരിക്കുന്ന റൂം, അവിടുത്തെ മേശ മുതലായവ ശുദ്ധവും വെടിപ്പുമുള്ളതായി സൂക്ഷിക്കുവാൻ മാതാപിതാക്കൾ പഠിപ്പിക്കുക.

**പഠന സമയം**

പഠിക്കുവാൻ പ്രത്യേക സമയം നാമാണ് നിർദ്ദേശിക്കേണ്ടത്. ആ സമയത്ത് ഫോൺ എടുക്കുവാൻ പറയുക, കടയിൽ പോകാൻ ആവശ്യപ്പെടുക മുതലായ നിർദ്ദേശങ്ങൾ ഒഴിവാക്കുന്നതാണ് നല്ലത്. ശാരിരികമായി ക്ഷീണം ഉള്ളപ്പോൾ പഠിക്കുവാൻ നിർബന്ധിക്കരുത്.

**സ്കൂളിലേക്ക് പോകുമ്പോഴും വരുമ്പോഴും**

സ്കൂളിലേക്ക് ബസ് യാത്ര ചെയ്യുന്നവരാണെങ്കിൽ ബസിൽ ഓടിക്കയറരുത്. നിർത്തുന്നതിന് മുമ്പ് ഇറങ്ങരുത് ഇങ്ങനെയുള്ള കാര്യങ്ങൾ പ്രത്യേകം പറയുക. പെൺകുട്ടികൾ സ്ത്രീകൾ കൂടുതലുള്ള ഭാഗത്ത് മാത്രമേ ഇരിക്കാവു എന്ന് നിർദ്ദേശിക്കുക. എന്തെങ്കിലും ആവശ്യം വന്നാൽ ബസ്സിൽ മുതിർന്നവരോട് സഹായം അഭ്യർത്ഥിക്കുവാനും മടി കാണിക്കരുതെന്നും മാത്രവുമല്ല നമ്മുടെ മൊബൈൽ, ലാൻഡ് ഫോൺ നമ്പറുകൾ കാണാപാഠം ആക്കുവാനും നിർദ്ദേശിക്കുക. നടന്നു പോകുന്നവരാണെങ്കിൽ കൂട്ടുകാരുമൊത്ത് പോകുന്നത് നല്ലത് എന്ന് പറയുക. നമ്മുടെ കുട്ടികളുടെ ഏറ്റവും അടുത്ത കൂട്ടുകാർ ആര്, എവിടെ താമസം, അവരുടെ പശ്ചാത്തലം എന്നിവ തീർച്ചയായും നാം അറിഞ്ഞിരിക്കണം.

**പൊതുവായി ശ്രദ്ധിക്കേണ്ടവ**

(i) കുട്ടികൾ സ്കൂൾ വിട്ടു വന്നാൽ പുഞ്ചിരിയോടെ സ്വീകരിക്കുക.

(ii) ബാഗും മറ്റും യഥാസ്ഥാനത്ത് വച്ച് യൂണിഫോം മാറ്റിയതിന് ശേഷം ഭക്ഷണം കൊടുക്കുന്നത് നല്ലത്.

(iii) അവരുടെ മനസ്സ് ശാന്തമായതിന് ശേഷം 10 മിനിറ്റ് സ്കൂളിലെ വിശേഷങ്ങൾ ചോദിച്ചറിയുക.

(iv) കളിക്കുവാൻ സമയം കൊടുക്കുക.

(v) പഠിക്കേണ്ട വിഷയങ്ങൾ മുൻഗണന അനുസരിച്ച് അവർ പഠിച്ചു തുടങ്ങട്ടെ.

(vi) നേരത്തെ തന്നെ അത്താഴം നൽകുന്നത് നല്ലത്.

(vii) ഒരു സുഹൃത്തിനോടെന്ന പോലെ കുട്ടികളോട് പെരുമാറുക.

(viii) സന്ധ്യാ പ്രാർത്ഥന, ബൈബിൾ വായന, ഇവ ഒരു കാരണവശാലും മുടക്കം വരരുത്. ഒന്നിലധികം കുട്ടികളുണ്ടെങ്കിൽ ഓരോ ആഴ്ചയിലും ഓരോരുത്തർ എന്ന രീതിയിൽ വീട്ടിലെ പ്രാർത്ഥനയ്ക്ക് മുൻകൈ എടുക്കാൻ നിർദ്ദേശിക്കുക.

(ix) ശിക്ഷിക്കേണ്ട സാഹചര്യത്തിൽ പ്രാർത്ഥനയോടെ ചെയ്യുക.

(x) നമ്മുടെ ജീവിതം കുട്ടികൾക്ക് മാതൃകയായി തുടരുക.

**ബൻസിക് മിരാൻഡാ,**
**തിരുവനന്തപുരം**

YOUTH GUIDE

# AT THE CROSSROADS

'I' am really in a fix, just can't get myself to decide what to do next', How about you?

'I am in the same boat too, finding it difficult to decide which way to go'.

We often hear such conversations, soon after the class XII results come out. For most people there are only 3 options of pursuit as far as studies and career are concerned - medicine, engineering and paramedics!! Parents try their level best to see that their children fit into one of these.



Finding and doing God's will in career is a very important matter because we will spend one third of our lifetime in this arena. Just as God has made each of us different, He intends each to do a different job too. we all have our varieties of likes and dislikes. Some like math while others find it tough to get through. Some come out with masterpieces with few strokes of a pencil while others can't draw even a perfect circle!! These are the career indicators of our life. God has brought us here with some inborn aptitudes and abilities so that we can do the best with our life.

**How then can I find what to next in career selection?**

- Look for the inborn aptitudes - your career indicators - they show what you can do really well.
- Find out what you can continue to do without boredom - this is your area of interest.
- Know your personality trait - your natural behavioral pattern - whether you are talkative or quiet, whether you enjoy company or desire to stay away from public etc.
- Keep your main goal always in view - living for the Lord - so don't choose a course that keeps you away from the things of the Lord.
- Be sure of the values you hold - you cannot sacrifice your faith or scriptural values - you cannot take up a career that demands you to speak untruth, give bribes etc.
- If you are a woman, your career choice is to be based on the time to be spent at home too. Your presence in the home is very important for the upbringing of a spiritual generation.

These are just guidelines. God's will is not available on window shopping. Walk daily with the Lord. Depend on Him fully. God will reveal His will for your life. (Psalms 25:12; Prov.3:5,6). God grant that every reader be found in the centre of God's will!!

**Betty John Kurien**

# മാതാപിതാക്കളെ...

*2-ാം പേജിൽ നിന്ന് തുടർച്ച*

മാറ്റം അസാധു (Void) ആയി പ്രഖ്യാപിക്കുന്നതുമാണ്.

ഈ വിഷയത്തിൽ ദൈവവചനമായ ബൈബിൾ മുന്നോട്ടു വയ്ക്കുന്ന നിർദ്ദേശങ്ങളുമായി, ഈ നിയമത്തെ താരതമ്യം ചെയ്യുവാൻ നാം തുനിഞ്ഞാൽ മാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ എത്ര മാത്രം പരിമിതമാണ് ഈ നിയമമെന്നു നമുക്കു മനസ്സിലാക്കും.

**ബൈബിൾ എന്തു പറയുന്നു?**

പത്തു കൽപ്പനകളിൽ വാഗ്ദത്തത്തോടു കൂടിയ ആദ്യ കല്പന ആവർത്തന പുസ്തകത്തിൽ ഇ പ്രകാരം നൽകിയിരിക്കുന്നു:-

"നിനക്കു ദീർഘായുസ്സുണ്ടാകുവാനും, നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു നിനക്കു നന്നായിരിക്കുവാനും നിന്റെ ദൈവമായ യഹോവ നിന്നോടു കല്പിച്ചതുപോലെ നിന്റെ അപ്പനേയും, അമ്മയേയും ബഹുമാനിക്കുക." (ആവ:5:16). നിത്യ ജീവനെ പ്രാപിക്കുവാൻ എന്തു ചെയ്യണമെന്നു ചോദിച്ചയു വാവിനോടു കർത്താവായ യേശു ക്രിസ്തു പറഞ്ഞു. ".കല്പനകളെ പ്രമാണിക്ക അപ്പനേയും, അമ്മയേയും ബഹുമാനിക്കുക...." (മത്തായി 19:17,19)

ദൈവത്തിന്റെ വ്യക്തമായ ഈ കല്പന വിശ്വാസികളായ നാം വിസ്മരിച്ചു കൂടാ. മാതാപിതാക്കളെ സംരക്ഷിക്കാത്തവൻ ദൈവ കല്പന ലംഘിക്കുന്നു. അപ്പനേയും, അമ്മയേയും ബഹുമാനിക്കുവാനുള്ള ഏറ്റവും മികച്ച മാർഗ്ഗം ലഭ്യമായ ഏറ്റവും മികച്ച സംരക്ഷണം അവർക്കു നൽക്കുന്നതോടൊപ്പം, നമ്മുടെ സാമീപ്യവും സ്നേഹവും അവർക്ക് ഉറപ്പു വരുത്തുക എന്നതാണ്.

മാതാപിതാക്കൾക്കു നൽകേണ്ട സമയവും ധനവുമെല്ലാം ദൈവീക കാര്യങ്ങൾക്കുവേണ്ടി ഉപയോഗിച്ചു പ്രതിഫലം കൂട്ടിക്കളയാ മെന്നു വിചാരിച്ചാലോ. പുതിയ നിയമത്തിൽ ഇതേ സാഹചര്യത്തിൽ കർത്താവായ യേശുക്രിസ്തു അവരെ വിളിച്ചതു 'കപട ഭക്തിക്കാർ' എന്നാണ് മർക്കോസ് എഴുതിയ സുവിശേഷത്തിൽ വളരെ വ്യക്തമായി പരിശുദ്ധാത്മാവിതു രേഖപ്പെടുത്തിയിട്ടുണ്ട്. (മർ 7:1013) അപ്പനും, അമ്മയ്ക്കും വേണ്ടി ചെലവഴിക്കേണ്ട പണം. "കൊർബ്ബാൻ" (ദൈവത്തിനു സമർപ്പിതം) എന്നു പറഞ്ഞാൽ മതിയെന്നുപദേശിച്ച പരീശൻമാർ ദൈവ കല്പനയെ ദുർബലമാക്കിയെന്നാണു കർത്താവു പറഞ്ഞത്.

മാതാപിതാക്കളെ സംരക്ഷിക്കുന്നതിൽ സർവ്വശക്തനായ ദൈവം തന്നെയാണു നമുക്കു മാതൃക.

യേശുവിന്റെ ക്രൂശിനരികിൽ അവന്റെ അമ്മയും, അമ്മയുടെ സഹോദരിയും, ക്ലെയോപ്പാവിന്റെ ഭാര്യ മറിയയും മഗ്ദലനക്കാരത്തി മറിയയും നിന്നിരുന്നു. യേശു തന്റെ അമ്മയും താൻ സ്നേഹിച്ച ശിഷ്യനും നിൽക്കുന്നതു കണ്ടിട്ട്, "സ്ത്രീയേ, ഇതാ നിന്റെ മകൻ" എന്ന് അമ്മയോടു പറഞ്ഞു. പിന്നെ ശിഷ്യനോട് "ഇതാ, നിന്റെ അമ്മ" എന്നും പറഞ്ഞു. ആ നാഴിക മുതൽ ആ ശിഷ്യൻ അവളെ തന്റെ വീട്ടിൽ കൈക്കൊണ്ടു. (യോഹ 19:2527)

***- വൈശാൽ ദത്തൻ, വൈക്കം***

# ദാമൻ ആന്റ് ഡ്യൂ

*1-ാം പേജിൽ നിന്ന് തുടർച്ച*

യും മൊത്തം ജനസംഖ്യ 16 ലക്ഷമാണ്. ഇതിൽ മൂന്നിൽ ഒന്നാണ് ഡ്യൂവിലുള്ളത്. ഈ മൂന്നിൽ ഒന്ന് ജനവിഭാഗത്തിലേക്ക് ചെല്ലുവാൻ സഹോ. ഷാജിക്ക് ഒരു തവണയെ സാധിച്ചിട്ടുള്ളു. മറ്റ് സുവിശേഷകരും ചില അവസരങ്ങളിൽ അവിടെ ചെന്നിട്ടുണ്ടെങ്കിലും സ്ഥിരമായ ഒരു പ്രവർത്തനവും പ്രവർത്തകനും അവിടെയില്ല.

കഠിനമായ എതിർപ്പുകൾ ഇപ്പോൾ അവിടെയുണ്ടെങ്കിലും ഭാവിയിൽ സുവിശേഷത്തിന് എതിരായ ശക്തമായ നീക്കം പ്രതീക്ഷിക്കാം. അതിന് സാധ്യമാകുന്ന എല്ലാ പ്രവർത്തനങ്ങളും സുവിശേഷ വിരോധ സംഘടനകളുടെ ഭാഗത്തു നിന്നുണ്ട്. എന്നാൽ പ്രാർത്ഥനയുടെ ശക്തിക്കു മുന്നിൽ ഇവയെല്ലാം തകർന്നു പോകും. സഹോ. ഷാജിയേയും കുടുംബത്തേയും പ്രാർത്ഥനയിൽ ഓർക്കുക ഭാര്യ. സുനി, മക്കൾ ക്രിസ്റ്റീന, ബ്ലസി.

# വിവാഹവേദി

അനേക യുവതീയുവാക്കൾക്ക് അനുയോജ്യരായ പങ്കാളികളെ കണ്ടെത്താൻ അവരുടെ മാതാപിതാക്കളേയും ബന്ധുക്കളേയും സഹായിക്കാ നുള്ള ഒരു സൗജന്യ ശുശ്രൂഷയാണ് - 'വിവാഹവേദി'. വിവാഹം ദൈവഹിത പ്രകാരം നടക്കണം. ഭൗതീക താൽപര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന പരസ്യങ്ങൾ പ്രോത്സാഹിപ്പിക്കുന്നതല്ല. **റിന്യൂവൽ വരിക്കാരുടെ പരസ്യങ്ങളേ സൗജന്യമായി പ്രസിദ്ധീകരിക്കുകയുള്ളു. അല്ലാത്തവയ്ക്ക് ന്യൂസ് എഡിറ്ററുമായി ബന്ധപ്പെടുക.** പരസ്യങ്ങൾ തരുന്നവർ പേരും മേൽവിലാസവും അറിയിക്കണം.

**WANTED BRIDE GROOM**

**RM No : 939 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5'2' ഉയരം. M.Sc. (Physics) B.Ed. Set.

**RM No : 940 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'3' ഉയരം. B.A. Economics.

**RM No : 941 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'3' ഉയരം. General Nurse.

**RM No : 942 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'5' ഉയരം. B.Sc. Nurse.

**RM No : 943 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'2' ഉയരം. B.Sc. Nurse, ട്യൂട്ടറായി നേഴ്സിംഗ് കോളജിൽ ജോലി.

**RM No : 944 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 26 വയസ്സ് 5'2' ഉയരം. Attony, അമേരിക്കയിൽ സ്ഥിര താമസം.

**RM No : 945 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 24 വയസ്സ് 5'4' ഉയരം. B.Sc. Physiotherapy, ജോലിയുണ്ട്.

**RM No : 946 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവതി 25 വയസ്സ് 5' ഉയരം. MCA, Software Engineer, ജോലിയുണ്ട്.

**WANTED BRIDE**

**RM No : 946 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'7" ഉയരം. ITI X-Ray Welding, ഗൾഫിൽ ജോലി, ഇപ്പോൾ നാട്ടിൽ ഉണ്ട്.

**RM No : 947 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 31 വയസ്സ് 5'7" ഉയരം. General Nurse, ഡൽഹിയിൽ ജോലി.

**RM No : 948 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 36 വയസ്സ് 5'5" ഉയരം. SSLC, കൃഷിപ്പണി.

**RM No : 949 -** രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട ബ്രദ്റൻ യുവാവ് 30 വയസ്സ് 5'6" ഉയരം. ആർമി ഹോസ്പിറ്റലിൽ ജോലി.

വിവാഹ വേദിയിലെ അന്വേഷണങ്ങൾ ബന്ധപ്പെട്ടവർക്ക് എത്തിക്കുന്നതാണ്. തുടർന്നുള്ള കാര്യങ്ങൾക്ക് നേരിട്ടേർപ്പെടുക. വിവാഹ വേദിയിലെ അന്വേഷണങ്ങൾക്ക് പകൽ 10 മുതൽ 5 വരെ **0484 2432896** എന്ന നമ്പറിൽ ബന്ധപ്പെടുക.

### ജനറൽ ഗോസ്പൽ ഫണ്ട്

1942ൽ ആരംഭിച്ച ജനറൽ ഗോസ്പൽ ഫണ്ടിന്റെ 2009 മാർച്ച് 31 വരെയുള്ള വാർഷിക റിപ്പോർട്ടും ഓഡിറ്റ് ചെയ്ത വരവു ചെലവു കണക്കുകളും പ്രസിദ്ധീകരിച്ചു. ഏതാണ്ട് 272 സുവിശേഷകന്മാർ ഫണ്ടിന്റെ ലിസ്റ്റിലുണ്ട്. കൂടാതെ നിർദ്ദിഷ്ട ദാനങ്ങളും നൽകുന്നുണ്ട്. 20 അംഗങ്ങളുള്ള പൊതു സമിതിയും 12 പേരടങ്ങുന്ന ഭരണ സമിതിയുമാണ് കാര്യങ്ങൾ പ്രാർത്ഥനാപൂർവ്വം നിർവഹിക്കുന്നത് സെക്രട്ടറിയായി ഫിലിപ്പ് വർഗ്ഗീസും, ജോയിന്റ് സെക്രട്ടറിയായി ഇ.പി. സാമുവലും പ്രവർത്തിക്കുന്നു. ഇൻഡ്യൻ രൂപയിലുള്ള സംഭാവനകൾ State Bank of Travancore Angamaly A/c 57060213653 അല്ലെങ്കിൽ State Bank of India Angamaly A/c 30181442675 എന്നിവയിലേക്കും വിദേശത്തു നിന്നുള്ളവ State Bank of Travancore Angamaly A/c 57060212956 എന്നിവയിലേക്കും അയക്കാം. General Gospel Fund എന്ന പേരിലായിരിക്കണം. വിലാസം:–Philip Varghese, Thamarasseril, Secretary GGF., Angamaly 683572 Kerala, Tel. 0484 - 2452064, 9895040482

### ഇമ്മാനുവേൽ ചിൽഡ്രൻസ് ഹോം

ബസ്തർ. കുമാരവണ്ട് എന്ന സ്ഥലത്ത് ജൂൺ 18ന് ജഗദൽപൂർ, തോക്കോപ്പാൽ, സിരിസഗുഡ, ബന്ദാപ്പാറ, തുടങ്ങിയ വിവിധ സ്ഥലങ്ങളിലെ 150ൽ പരം വിശ്വാസികളുടെ സാന്നിദ്ധ്യത്തിൽ ഇമ്മാനുവേൽ ചിൽഡ്രൻസ് ഹോം ആരംഭിച്ചു. സഹോ. ഇ.പി. ജോസ് ഇതിന് നേതൃത്വം നൽകുന്നു. 23 ആൺകുട്ടികളും 16 പെൺകുട്ടികളും വാർഡൻ, വാച്ച്മാൻ, കുക്ക് തുടങ്ങിയവരുമായി 43 പേർ ഈ ഹോസ്റ്റലിലുണ്ട് സഹോ. ജോസ് താമസിക്കുന്ന വീടിനോട് ചേർന്നാണ് ഹോസ്റ്റൽ താൽക്കാലികമായി നിർമ്മിച്ചിരിക്കുന്നത്.

വിദ്യാഭ്യാസത്തിനുള്ള സൗകര്യം, ഭക്ഷണം, താമസം എല്ലാം ക്രമീകരിച്ചിട്ടുണ്ട്. ജഗദൽപ്പൂരിൽ നിന്ന് 8 കി.മീറ്റർ അകലെയാണിത്. 1 മുതൽ 9 വരെ ക്ലാസ്സുകളിലുള്ള കുട്ടികളെ ദീപ്തി കോൺവന്റ് സ്കൂളിലാണ് ചേർത്തിരിക്കുന്നത്. കുട്ടികളെ സ്പോൺസർ ചെയ്തും വിവിധ നിലകളിൽ സഹകരിച്ചും ഈ പ്രവർത്തനത്തെ പിന്താങ്ങേണ്ടത് ദൈവജനത്തിന്റെ കടമയാണ്. സുവിശേഷീകരണത്തിന് നല്ലൊരു വഴിയാണ്. തപാൽ ഉരുപ്പടികൾ കിട്ടാൻ ബുദ്ധിമുട്ടുള്ളതിനാൽ ദൈവാത്മാവു പ്രേരണ നൽകുന്നവർക്ക് E.P. Jose, SBI Jagadalpur A/c 10456213472 എന്ന അക്കൗണ്ടിൽ നേരിട്ട് അയക്കാവുന്നതാണ്. വിലാസം : E.P. Jose, Kumharawand, Bastar Dist, Jagadalpur, Chattisgarh - 494005

### ടീനേജ് മീറ്റിംഗും, ഫാമിലി മീറ്റും

വടക്കാഞ്ചേരി–കോട്ടേക്കുളം ബ്രദറൻ സഭയുടെ ആഭിമുഖ്യത്തിൽ ചുറ്റുപാടുമുള്ള സഭകളിലെ ടീനേജ് കുട്ടികൾക്കായി പ്രത്യേക സമ്മേളനം നടന്നു. വൈകിട്ട് പൊതുയോഗവും ഞായർ ഉച്ചകഴിഞ്ഞ് ഭാര്യാഭർത്താക്കന്മാർക്കായി പ്രത്യേക സമ്മേളനവും നടന്നു. കെ. തോമസ് മാത്യു. (തിരുവല്ല) ക്ലാസ്സെടുത്തു. – എം.കെ. ജോസ്

### നരിക്കൽ പതി

ജൂൺ 10 മുതൽ 13 വരെ പ്രത്യേക സുവിശേഷ പ്രവർത്തനങ്ങൾ പൊള്ളാച്ചി ടൗണിന്റെ ചുറ്റുമുള്ള വിവിധ ഗ്രാമങ്ങളിലും നരിക്കൽ പതി ആദിവാസി കോളനികളിലും നടന്നു. അങ്കമാലി കാൽവരി വോയ്സിന്റെ ഗാനശുശ്രൂഷ യും ഫിലിം പ്രദർശനവും ഇതോടൊപ്പം നടന്നു. ഈ പ്രവർത്തനങ്ങളുടെ ഫലമായി ചെമ്മേട്, എം.ജി.ആർ നഗർ, ചെമ്മണാംപതി എന്നീ ഗ്രാമങ്ങളിൽ നിന്ന് ചില കുടുംബങ്ങൾ മുന്നോട്ടു വന്നിട്ടുണ്ട്. സുവിശേഷകൻ ഷാജി ജെ. പോൾ ഈ പ്രദേശങ്ങളിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. വിലാസം: Shaji J. Paul, Narikkalpathi Tribal Village, Sethumadai P.O., Pollachi, Tamil Nadu 642 133.

## നമുക്കു ചുറ്റും

### പ്രത്യേക പ്രാർത്ഥനയ്ക്ക്

ബാംഗ്ലൂരിൽ B.Sc. നേഴ്സിംഗ് ഫൈനൽ ഇയർ വിദ്യാർത്ഥിയായ നിസ്സിയുടെ കണ്ണിന്റെ കാഴ്ച നഷ്ടപ്പെട്ടു. പ്രാർത്ഥിക്കുക.

### ടീൻസ് ക്യാമ്പ് തിരുവല്ലായിൽ

തകരുന്നതിന് മുൻപ് തയ്യാറാക്കുക എന്ന ലക്ഷ്യത്തിൽ 6,7,8,9 ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്കായി നടത്തുന്ന പ്രത്യേക ക്യാമ്പ് സെപ്തംബർ 3 രാവിലെ മുതൽ ഉച്ചവരെ റ്റി. എം. എം. നേഴ്സിംഗ് കോളജ് ക്യാമ്പസിൽ നടക്കുന്നു. വീട്ടിലും സ്കൂളിലും സഭയിലും എങ്ങനെ പെരുമാറണമെന്നും കഴിവുകൾ എപ്രകാരം വിനിയോഗിക്കണമെന്നും നിർദ്ദേശം നൽകുന്ന ക്യാമ്പിൽ പഠനത്തിനു സഹായകരമായ ക്ലാസ്സുകളും ഉണ്ടായിരിക്കും. പഠന വൈകല്യമുള്ളവർക്ക് പ്രത്യേക ശ്രദ്ധ നൽകുന്നു. 5–ാം തീയതി രാവിലെ മാതാപിതാക്കൾക്കായി പ്രത്യേക സെഷനും ഉണ്ടായിരിക്കും. പുതിയ തലമുറയിൽപ്പെട്ട പലരും ക്ലാസ്സുകളെടുക്കുന്ന ഈ ക്യാമ്പിൽ ചൈൽഡ് ഇവാൻജലിസം മിനിസ്ട്രി, യുവജന ശുശ്രൂഷ, ഇ.യു തുടങ്ങിയ പ്രവർത്തനങ്ങളിൽ പരിശീലനം നേടിയവർ സീനിയേഴ്സായി പങ്കെടുക്കും. പങ്കെടുക്കുവാൻ ആഗ്രഹിക്കുന്നവരുടെ രക്ഷകർത്താക്കൾ എത്രയും വേഗം കുട്ടികളുടെ പേരുകൾ രജിസ്റ്റർ ചെയ്യുക. ആദ്യം രജിസ്റ്റർ ചെയ്യുന്ന 75 പേർക്ക് പ്രവേശനം. നിശ്ചിത ഫീസില്ല. അവരവരുടെ പ്രാപ്തിപോലെ നൽകാവുന്നതാണ്. വിലാസം - Teens Camp, P.O.Box-4, Kuttapuzha, Tiruvalla - 689103. കെ. തോമസ് മാത്യു, 9447360417

## ഗ്രേറ്റ് കമ്മീഷൻ എന്റർപ്രൈസ്



മിഷൻ പ്രവർത്തനങ്ങളെ പിന്താങ്ങുക എന്ന ഉദ്ദേശത്തിൽ പോൾ തിമോത്തി ട്രസ്റ്റ് കേരളത്തിൽ ആരംഭിച്ച ഗ്രേറ്റ് കമ്മീഷൻ എന്റർ പ്രൈസ് ഏറ്റെടുത്ത ആദ്യ പ്രോജക്ട് പൂർത്തിയാകുന്നു. തിരുവനന്തപുരം മെഡിക്കൽ കോളേജിനടുത്ത് 'ഷാലോം ടവറും, ആർദ്രം പ്രോജക്ടുമാണ് ആദ്യഘട്ട പ്രോജക്ട്. ഷാലോമിൽ 18 ഓളം അപ്പാർട്ടുമെന്റ് സാണുള്ളത്. കൂടാതെ കോൺഫറൻസ് ഹാളിനും ആർദ്രം ഓഫീസിനും താഴത്തെ നിലയിൽ വ്യവസ്ഥകളോടു കൂടി കോമേഴ്സ്യൽ ആവശ്യത്തിനും സ്ഥല സൗകര്യമുണ്ട്. പണികൾ ഊർജ്ജസ്വലതയോടെ പൂർത്തിയാകുന്നു. രണ്ടോ മൂന്നോ അപ്പാർട്ട്മെന്റ് കൂടി അത്യാവശ്യമുള്ളവർക്ക് നൽകാൻ ബാക്കിയുണ്ട്. താൽപര്യമുള്ളവർക്ക് തോമസ് ജോൺ 9447341237, ബിജു വർഗീസ് 9447073339 എന്ന നമ്പരുകളിൽ വിളിക്കാവുന്നതാണ്.

## നിത്യതയിൽ



ഒറീസയുടെ മിഷൻ ഫീൽഡിലെ ആദ്യ ബ്രദറൻ പോരാളിയായ റ്റി.എം. സെബാസ്റ്റ്യൻ തൂംകുഴിയിൽ 72–ാമത്തെ വയസ്സിൽ കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. തന്നെ വേലയ്ക്ക് കമന്റ് ചെയ്ത കോട്ടയം സഭയുടെ ആഭിമുഖ്യത്തിൽ സംസ്കാരം നടന്നു. ഭാര്യ മേരിക്കുട്ടി. മക്കൾ മാത്യു, നാൻസി, മരുമക്കൾ ജൂലി, റജി.

### തോമസ് എ. ഇട്ടി

പുറമറ്റം, എലിമുള്ളിൽ തോമസ് എ. ഇട്ടി (92), കർത്തൃസന്നിധിയിൽ. ഭാര്യ, പുളികീഴ് നടുവിലേ മാലിൽ പരേതയായ അന്നമ്മ. മക്കൾ, എബ്രഹാം തോമസ്, ഡോ. മേരി ജേക്കബ്, ജേക്കബ് തോമസ്, ജോർജ്ജ് തോമസ്.

## പ്രയർ കലണ്ടർ ആഗസ്റ്റ് 2009

പ്രാർത്ഥനാ ചങ്ങലയിൽ ചേർന്നവർക്ക് മാത്രം അല്ല, എല്ലാ ദിവസവും നിശ്ചിത സമയം ദൈവസന്നിധിയിൽ ചെലവഴിക്കാൻ താൽപര്യമുള്ള എല്ലാവർക്കും വേണ്ടിയാണ് ഈ കലണ്ടർ. റിന്യൂവലിന്റെ മറ്റു പേജുകളിലും ധാരാളം പ്രാർത്ഥനാ വിഷയങ്ങൾ ഉണ്ട്. നാം പതിവായി പ്രാർത്ഥിക്കുന്ന ആളുകളുടേയും വിഷയങ്ങളുടെയും ലിസ്റ്റുണ്ടാക്കുന്നത് എത്രയും നല്ലതാണ്. നിങ്ങളുടെ പ്രാർത്ഥനാ വിഷയങ്ങൾ എഴുതുക. പ്രയർ കലണ്ടർ C/o റിന്യൂവൽ, പി. ബി. 2665, ബ്രോഡ്‌വേ, എറണാകുളം 682 031.

| | | | | | |
|---|---|---|---|---|---|
| **ഞായർ** സ്ഥലം സഭയ്ക്കു വേണ്ടി | **30** ആരാധനാ യോഗങ്ങൾ അർത്ഥപൂർണ്ണമാകുവാൻ. സഭാ യോഗങ്ങളെ ഉപേക്ഷയായി കരുതുന്നവർക്കുവേണ്ടി. ആരാധനയ്ക്കായി കടന്നു വരുന്നവർ അവരവരുടെ പങ്ക് ദൈവ ഭയത്തോടും ഭക്തിയോടും ആത്മാർത്ഥമായി നിർവഹിക്കുവാൻ. കൂടതൽ പേർ സ്തോത്രം ചെയ്യുന്നതിന്. | **2** സഭയുടെ ഉണർവ്വിനുവേണ്ടി പ്രാർത്ഥിക്കുക സഭാ വിശ്വാസികളും ശുശ്രൂഷകന്മാരും ഏക മനസ്സോടെ സഭയിലെ എല്ലാ കാര്യങ്ങളും ചെയ്യുവാൻ. എല്ലാ കൂടിവരവുകളും മുടങ്ങാതെ നടക്കുവാൻ സ്ഥലം സഭയിലെ ശുശ്രൂഷകന്മാർ ആത്മ ഭാരമുള്ള വരാകുവാൻ | **9** സഭയായി ചെയ്യുന്ന പ്രവർത്തനങ്ങൾക്കായി മൂപ്പന്മാർക്കായി. പിന്മാറ്റാവസ്ഥയിലുള്ളവർ യഥാസ്ഥാനപ്പെടുവാൻ, രക്ഷിക്കപ്പെടാത്തവർക്കുവേണ്ടി, സ്നാനപ്പെടുവാൻ താൽപര്യമുള്ളവർക്കായി, സ്നാനപ്പെടാത്തവർക്കായി സ്ഥലം സഭയിൽ നിന്ന് സുവിശേഷ വേലക്കായി പല സ്ഥലങ്ങളിൽ പോയവർക്ക്. | **16** ആഴ്ച്ചയുടെ വിവിധ ദിവസങ്ങളിൽ സഭയായി നടത്തുന്ന വിവിധ മീറ്റിംഗുകൾക്കായി. സഹോദരിമാരുടെ യോഗം, പ്രാർത്ഥനായോഗങ്ങൾ, ഉപവാസപ്രാർത്ഥന, യുവജന മീറ്റിംഗ്, ബൈബിൾ സ്റ്റഡി, പരസ്യ യോഗം, സണ്ടേ സ്കൂൾ, ഭവന യോഗങ്ങൾ തുടങ്ങിയവയ്ക്കായി. ഇല്ലെങ്കിൽ ആരംഭിക്കാൻ. | **23** വിവാഹ പ്രായത്തിലുള്ളവർക്കായി സ്ഥലം സഭയിൽ രോഗികളായി ഭാരപ്പെടുന്നവർക്കായി സ്ഥിരമായി ആരാധനയിൽ വരാതെ ഭവനങ്ങളിൽ രോഗികളായി കഴിയുന്നവർക്കായി. വിദ്യാർത്ഥികളുടെ പേരു പറഞ്ഞ് പ്രാർത്ഥിക്കുക. വിവാഹപ്രായമായവർക്കായി. |
| **തിങ്കൾ** അധികാര സ്ഥാനങ്ങളിലുള്ളവർക്ക് വേണ്ടി | **31** സഹമന്ത്രിമാർ – സ്വതന്ത്ര ചുമതല പ്രഫുൽ പട്ടേൽ – വ്യോമയാനം, പൃഥ്വിരാജ് ചവാൻ – ശാസ്ത്രസാങ്കേതികം, ഭൗമ ശാസ്ത്രം (പുറമെ പ്രധാനമന്ത്രിയുടെ ഓഫീസ്, പേഴ്സനൽ, പരാതിപരിഹാരം, പെൻഷൻ, പാർലമെന്ററി കാര്യം.), ശ്രീ പ്രകാശ് ജയ് സ്വാൾ – കൽക്കരി, സ്റ്റാറ്റിസ്റ്റിക്സ്,പദ്ധതിനിർവഹണം, സൽമാൻ ഖുർഷിദ് – കമ്പനികാര്യം, ന്യൂനപക്ഷ ക്ഷേമം, | **3** ദിൻഷ പട്ടേൽ – മൈ ക്രോ, ചെറുകിട, ഇടത്തരം സംരംഭങ്ങൾ, ജയറാം രമേശ് – വനം, പരിസ്ഥിതി. സഹമന്ത്രിമാർ ഈ. അഹമ്മദ് – റയിൽവേ, മുല്ലപ്പള്ളി രാമചന്ദ്രൻ – ആഭ്യന്തരം, ശശി തരൂർ – വിദേശ കാര്യം, പ്രഫ. കെ.വി. തോമസ് – കൃഷി, ഭക്ഷ്യം, പൊതു വിതരണം, ജ്യോതിരാദിത്യ സിന്ധ്യ – വാണിജ്യം, വ്യവസായം | **10** ഡി. പുരന്ദേശ്വരി – മാനവശേഷി, കെ. എച്ച്, മുനിയപ്പ – റയിൽവേ, അജയ് മാക്കൻ – ആഭ്യന്തരം, പനബക ലക്ഷ്മി – ടെക്സ്റ്റൈൽസ്, നമോനാരായണൻ മീണ – ധനകാര്യം, എം.എം. പല്ലം രാജു – പ്രതിരോധം, സുഗത റേ – നഗരവികസനം, എസ്. എസ്. പളനിമാണിക്യം – ധനകാര്യം, ജിതിൻ പ്രസാദ – പെട്രോളിയം, പ്രകൃ തി വാതകം, | **17** എ.സായ് പ്രതാപ് – ഉരുക്ക്, പ്രിണീത് കൗർ – വിദേശ കാര്യം, ഗുരുദാസ് കാമത്ത് – ഐടി, വാർത്താവിനിമയം, ഹരീഷ് റാവത്ത് – തൊഴിൽ, ശ്രീകാന്ത് ജെന – വളം, രാസവസ്തു, ഭരത് സിങ് സോളങ്കി – ഊർജ്ജം, മഹാദേവ് എസ്. ഖണ്ഡേല – റോഡ് ഗതാഗതം, ദേശീയ പാത, ദിനേശ് ത്രിവേദി – ആരോഗ്യം, കുടുംബ ക്ഷേമം, ശിശിർ അധികാരി – ഗ്രാമവികസനം, | **24** സുൽത്താൻ അഹമ്മദ് – വിനോദ സഞ്ചാരം, മുകുൾ റോയ് – കപ്പൽ ഗതാഗതം, മോഹൻ ജാത്വ – വാർത്താവിതരണം, ഡി. നെപ്പോളിയൻ – സാമൂഹിക നീതിയും, ശാക്തീകരണവും, ഡോ. എസ്. ജഗത് രക്ഷകൻ – വാർത്താവിതരണം, എസ്. ഗാന്ധിശെൽവം – ആരോഗ്യം, കുടുംബക്ഷേമം, തുഷാർഭായ് ചൗധരി – ഗോത്രവർഗ ക്ഷേമം |
| **ചൊവ്വ** രക്ഷിക്കപ്പെടാത്തവർക്കു വേണ്ടി |  | **4** സഭയിലെ ഓരോത്തർക്കും രക്ഷിക്കപ്പെടാത്തവരോട് സുവിശേഷം പറയാനുള്ള ആത്മഭാരം ലഭിക്കുവാൻ. രക്ഷിക്കപ്പെടാത്ത നിങ്ങളുടെ പരിചയത്തിലുള്ളവരുടെ ലിസ്റ്റ് ഉണ്ടാക്കുക. ചില ദിവസങ്ങൾ പ്രാർത്ഥിച്ച ശേഷം നേരിൽ കാണുക/ഫോണിൽ വിളിക്കുക. അവർക്കു വേണ്ടി ലഘു ലേഖകൾ വാങ്ങി നൽകുക. ലിസ്റ്റിലുള്ളവർക്കായി ദിനം തോറും പ്രാർത്ഥിക്കുക. | **11** അനുദിനം കണ്ടുമുട്ടുന്നവരോട് സുവിശേഷം പറയുവാൻ അവസരം നോക്കുക. അവരുടെ പേര് എഴുതി വച്ച് പ്രാർത്ഥിക്കുക. ഓഫീസിൽ, ജോലി സ്ഥലത്ത്, കോളജിൽ, സ്കൂളിൽ, വിദ്യാർത്ഥികൾ അവരുടെ ക്ലാസിലുള്ള എല്ലാ കുട്ടികുളുടേയും ലിസ്റ്റുണ്ടാക്കി പ്രാർത്ഥിക്കുക. ഒരു ദിവസം ഒരു വ്യക്തിയോടെങ്കിലും പറയുവാൻ നിങ്ങളെ സമർപ്പിച്ച് പ്രാർത്ഥിക്കുക. | **18** സുവിശേഷം പങ്കുവയ്ക്കുന്നതിൽ ലജ്ജിക്കാതിരിക്കാൻ പ്രാർത്ഥിക്കുക. കാലവർഷകെടുതിയിലായിരിക്കുന്നവരെ ഓർത്ത്. രക്ഷിക്കപ്പെടാത്തവർക്ക് ആവശ്യമായ സഹായം നൽകുകയും പ്രാർത്ഥിക്കുകയും ചെയ്യുക. സൽപ്രവർത്തികൾ സുവിശേഷം അധരം കൊണ്ടു പറയുന്നതിലും അവർക്ക് മനസ്സിലാകുന്നതാണ്. അവരോട് സുവിശേഷം അറിയിക്കുക. | **25** അയൽക്കാരോടു നന്നായി ഇടപെടുകയും പ്രാർത്ഥിക്കുകയും ചെയ്യുക. പ്രത്യേക അവസരങ്ങളിൽ വീട്ടിലേക്കു ക്ഷണിക്കുകയും ആ സമയം സുവിശേഷം പങ്കു വയ്ക്കുകയും ചെയ്യുക. നിങ്ങൾ വായിച്ച നല്ല പുസ്തകങ്ങൾ അവർക്കും നൽകുക. അവരുടെ ബന്ധുക്കളുടെ വിലാസം ശേഖരിച്ച് പ്രാർത്ഥനാ പൂർവ്വം ചെറു പുസ്തകങ്ങളും മറ്റും അയക്കുക. |
| **ബുധൻ** സൗഖ്യമില്ലാത്തവർക്ക് വേണ്ടി | | **5** കാൻസർ രോഗത്താൽ ഭാരപ്പെടുന്നവർക്കായി:– ആനി വിൽസൺ (ന്യൂ ജേഴ്സി) പ്രിയാ റോയ് (ചേലക്കോട്ടുകര) ഡെയ്സി ഏബ്രഹാം (മിനിസോട്ട) ഫേബ രാജൻ (തൃശൂർ മന്ദമംഗലം) അനീഷ് (ദുബായ്) ഏ. ആർ. പീറ്റർ (പാലക്കാട്) ചിന്നു ചെറിയാൻ (അരീപറമ്പ്) മറ്റു രോഗങ്ങൾ – ഏലമ്മ കുര്യൻ (അങ്കമാലി), വർഗ്ഗീസ് മാത്തുകുട്ടി (അങ്കമാലി), സാബു കെ. പുന്നൻ (ഇൻഡോർ). | **12** കിഡ്നി സംബന്ധമായ രോഗത്താൽ ഭയപ്പെടുന്നവർക്കായി:– സുവി. തോമസ് ചെറിയാൻ (പുനലൂർ) സുവി. ലിയോ പോൾ (ഇരിങ്ങാലക്കുട) അജിത് സിംഗ് (ബംഗാൾ) സുവി. പി.പി. ഫിലിപ്പോസ് (ജാൻസി). വിവിധ രോഗങ്ങൾ :– ഏലിയാമ്മ സോളമൻ (ഐവർ കാല) മോഹനൻ പിള്ള (തിരുവല്ല – ചുമത്ര) സാമ്പത്തിക ആവശ്യങ്ങൾക്കായും ശരിയായ ചികിത്സ ലഭിക്കാനും. | **19** സുവി. ചാണ്ടപ്പിള്ള ഫിലിപ്പിനായി തുടർന്നും പ്രാർത്ഥിക്കുക. ശുശ്രൂഷകൾ നിർവഹിക്കാനും ലഭിച്ച വിടുതലിനായി സ്തോത്രം ചെയ്യാം. സഹോദരി ആതിര (കുറുപ്പംപടി) വിജോ വിൽസൺ (കുന്നംകുളം) പി. പി. തോമസ് (മല്ലപ്പള്ളി) മോളി പൗലോസ് (ഫരീദാബാദ്) 8 വയസ്സുള്ള ഹർഷിത (മഞ്ഞിനക്കര) രമ മാത്യു (കട്ടപ്പന) ജോസ് ജോസഫ് കാരയ്ക്കൽ (ആനക്കല്ല്) എന്നിവർക്കായും. | **26** കുഞ്ഞമ്മ ബേബി (മാങ്കോട്) സാബു (മൈക്കാവ്) എന്നിവരുടെ ആശ്വസത്തിനായി. ചില നാളുകളായി പ്രയാസത്തിൽ കഴിയുന്ന ക്ലാരമ്മ (കുടിയാന്മല) അസുഖങ്ങൾ ബാധിച്ച കുട്ടികൾ – മനു (കുടിയാന്മല) മെർലിൻ (മേപ്രാൽ) സ്റ്റെവിൻ (പത്തനാപുരം) വാർദ്ധ്യക്യത്തിലിരിക്കുന്ന കർത്തൃദാസന്മാരായ റ്റി.യു. ചെറിയാൻ (രാജസ്ഥാൻ) വി.പി. ജേക്കബ് (തിരുവനന്തപുരം). |
| **വ്യാഴം** സുവിശേഷ പ്രവർത്തകർ, പ്രവർത്തനങ്ങൾ | | **6** ഭാരതത്തിലെ സഭകൾക്കും സുവിശേഷ വേലയ്ക്കും വലിയ പ്രോത്സാഹനം ലഭിക്കത്തക്കവിധം സ്റ്റിവാർഡ് അസോസിയേഷനു വേണ്ടി, പുതിയ തലമുറ ചുമതല ഏറ്റെടുക്കുന്നതിനായ്. മറ്റ് രാജ്യങ്ങളിലും സുവിശേഷ പ്രവർത്തനവുമായി പോകുവാൻ സമർപ്പണമുള്ള സുവിശേഷകന്മാർക്കായി. | **13** പുതിയതായി സ്ഥലം സഭകൾ രൂപം കൊള്ളാൻ വടക്കേ ഇന്ത്യയിലെ വിവിധ ഭാഗങ്ങളിൽ നമ്മുടെ സുവിശേഷകന്മാർ ചെയ്യുന്ന ശുശ്രൂഷകൾക്കായി പക്കാഞ്ചോർ, കാംകീർ, ബാലോദ് തുടങ്ങിയ ചാത്തിസ്ഗഡിലെ പ്രവർത്തനങ്ങൾക്കായി. | **20** സുവിശേഷീകരണത്തിനെതിരെ തടസ്സം വരാതിരിക്കാൻ വടക്കേ ഇന്ത്യയിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാരെയും കുടുംബങ്ങളേയും ഓർത്ത് പ്രാർത്ഥിക്കുക. മുസ്ലീങ്ങളുടെ ഇടയിൽ പ്രവർത്തിക്കുന്ന സുവിശേഷകന്മാർക്കായി, അവരുടെ കുടുംബങ്ങൾക്കായി വടക്കേ ഇന്ത്യയുടെ പല സ്ഥലങ്ങളിലുള്ള സുവിശേഷകന്മാർ ഒന്നിച്ച് പ്രവർത്തിക്കാൻ വേണ്ടി. | **27** പ്രവർത്തകർക്കു നേരെയുള്ള ആക്രമണങ്ങളാൽ ഭാരപ്പെടുന്നവർക്കായി ആത്മഭാരത്തോടെ അവർക്കായി പ്രാർത്ഥിക്കുക. ഗുജറാത്ത്, മദ്ധ്യപ്രദേശ്, രാജസ്ഥാൻ ഈ സ്റ്റേറ്റുകൾക്കായി, ഭരണാധികാരികൾക്കായി. തമിഴ്നാട് വൈ. എം. ഇ. എഫ്. പ്രവർത്തനങ്ങൾക്കായി. |
| **വെള്ളി** ലോക രാജ്യങ്ങൾ | **ഒരു മണിക്കൂറിനുള്ള ഏകദേശ പ്രോഗ്രാം**<br>5 മിനിറ്റ് സ്തുതി:<br>5 മിനിറ്റ് നന്ദി (സ്ത്രോത്രം):<br>5 മിനിറ്റ് ഏററുപറച്ചിൽ:<br>20 മിനിറ്റ് വചനധ്യാനം:<br>20 മിനിറ്റ് മദ്ധ്യസ്ഥ പ്രാർത്ഥന:<br>5 മിനിറ്റ് അപേക്ഷ: | **7** യൂറോപ്യൻ രാജ്യങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കുക നാമധേയ ക്രിസ്തീയ സമൂഹങ്ങൾ തിങ്ങി പാർക്കുന്ന ഈ രാജ്യങ്ങളിൽ യഥാർത്ഥ വിശ്വാസികൾ ഉണ്ടാകുവാൻ സുവിശേഷ പ്രവർത്തനങ്ങൾക്കായി ജനം ദൈവത്തിങ്കലേക്കു തിരിയുവാൻ. ഇവിടുത്തെ ഭരണാധിപന്മാർക്കു വേണ്ടി സമാധാനപരമായ ഭരണം നടത്തുവാൻ. | **14** അമേരിക്കൻ ഐക്യ നാടുകൾക്കു വേണ്ടി സുവിശേഷ വിഹിത സഭകൾ ഉണ്ടെങ്കിലും ശിരയായ ഉപദേശങ്ങളിൽ നിന്നും വ്യതിചലിക്കാതിരിക്കുവാൻ മലയാളി വിശ്വാസി സമൂഹം ഐക്യത്തോടെ മാതൃകയായി നിലനിൽക്കുവാൻ യുവജനങ്ങൾക്കിടയിലെ പ്രവർത്തനങ്ങൾക്കായി വിവിധ കോൺഫറൻസുകൾക്കായി. | **21** ഭാരതത്തിലെ അയൽ രാജ്യങ്ങളായ ചൈന, പാക്കിസ്ഥാൻ, ബംഗ്ലാദേശ്, മ്യാൻമാർ, മാലി, നേപ്പാൾ ശ്രീലങ്ക, ഭൂട്ടാൻ എന്നീ രാജ്യങ്ങൾക്കു വേണ്ടി ഇവിടുത്തെ ഭരണാധികാരികൾ മത സ്വാതന്ത്ര്യം നൽകുവാനായി. | **28** ഉസ്ബക്കിസ്ഥാൻ, കസാക്കിസ്ഥാൻ തുടങ്ങിയ രാജ്യങ്ങൾക്കായി. അവിടെ നടക്കുന്ന രഹസ്യ പ്രവർത്തനങ്ങൾക്കായി. നേരിട്ട് മിഷനറി പ്രവർത്തനം സാദ്ധ്യമല്ലാത്തതിനാൽ വിവിധ ജോലിയിലൂടെയും ബിസിനസ്സിലൂടെയും അനേകർ ഈ രാജ്യങ്ങളിലേക്ക് പോകാൻ, കസാക്കിസ്ഥാനിൽ പ്രവർത്തിക്കുന്ന ഒരു കുടുംബത്തിനുവേണ്ടി പ്രത്യേകം പ്രാർത്ഥിക്കുക. |
| **ശനി** കുട്ടികൾ, യുവജനങ്ങൾ, ജീവകാരുണ്യ പ്രവർത്തനങ്ങൾ | **1** സോദരി ഭവൻ കൊല്ലം, സ്റ്റുഡൻസ് ഇവാഞ്ചലിസം ഫെലോഷിപ്പ്, ബൈബിൾ തർജ്ജിമയിൽ ഏർപ്പെടുന്നവർക്കായി. ആക്സെപ്റ്റ് ബാംഗ്ലൂർ – എയ്ഡ്സ് രോഗികൾക്ക്. വൃദ്ധമന്ദിരങ്ങൾ – മിസ്സ്. സൽഗ്രൻ മെമ്മോറിയൽ നെല്ലിക്കുന്ന്. | **8** അനാഥ ശാലകൾ ഗേൾസ് ഹോസ്റ്റലുകൾ – രെഹബോത്ത് ഗേൾസ് ഹോം നെല്ലിക്കുന്ന് ബ്രദറൻ റലീഫ് ട്രസ്റ്റ് തിരുവനന്തപുരം G.F.T.I (മദ്രാസ്). സ്റ്റുവാർഡ് അസോസിയേഷൻ, ലുധിയാന ക്രിസ്ത്യൻ മെഡിക്കൽ കോളേജ്, ഡെന്റൽ കോളജ്. | **15** സ്കൂൾ മിനിസ്ട്രി, ചിൽഡ്രൻസ് ക്ലബ്ബുകൾക്കായി സ്ഥലം സഭകളിലെ സൺഡേ സ്കൂളുകൾക്കായി പഠിപ്പിക്കുന്ന അദ്ധ്യാപകർക്കായി സമർപ്പണത്തോട് വരും തലമുറയെ കർത്താവിനു പ്രയോജനപ്പെടുത്തുവാൻ. കുട്ടികളുടെ ഇടയിലെയും യുവജന പ്രവർത്തനത്തിനും പൂർണ്ണമായി സമർപ്പി ക്കപ്പെട്ട ചില കുടുംബങ്ങൾക്കായി | **22** ചൈൽഡ് ഇവാൻജലിസം, സുവിശേഷകൻ ബാലസംഘം പ്രവർത്തകർക്കായി പ്രവർത്തനങ്ങൾക്കായി – യുവജനങ്ങൾ പരസ്യ പ്രവർത്തനങ്ങൾ നടത്തുവാൻ അനേകർ കർത്താവിനെ രക്ഷകനായി സ്വീകരിക്കുവാൻ പ്രാർത്ഥിക്കുക. | **29** 2010ലെ വി.ബി.എസ് സിലബസുകൾക്കായി. സെപ്റ്റംബർ 3–ാം തീയതി രാവിലെ മുതൽ 5–ാം തീയതി ഉച്ചവരെ നടക്കുന്ന ടീൻസ് ക്യാമ്പിനായി കോളജ് സ്റ്റുഡൻസ് ക്യാമ്പ് എസ്.എസ്.എൽ. ക്യാമ്പുകൾ ഇവയ്ക്കായി. തകരുന്നതിനു മുൻപ് 6,7,8,9 ക്ലാസ്സുകളിലെ കുട്ടികളെ തയ്യാറാക്കുവാൻ. |

Printed & Published by Tenson Joseph for Renewal Team at Thomson Press, Cochin, Karimpatta Road, Pallimukku, Cochin - 682 016.
Type Setting & Layout : Design Enroute, Ekm,